**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 153** | **29-01-2024 - ൽ മറുപടിയ്ക്ക്**

**പെരിങ്ങോം പോലീസ് സ്റ്റേഷൻ സ്റ്റാഫ് ക്വാർട്ടേഴ്സ് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | പയ്യന്നൂർ മണ്ഡലത്തിലെ പെരിങ്ങോം പോലീസ് സ്റ്റേഷനിലെ ഉപയോഗ ശൂന്യമായ സ്റ്റാഫ് ക്വാർട്ടേഴ്സ് കെട്ടിടം പൊളിച്ച് പുതിയത് നിർമ്മിക്കുന്നതിനുള്ള നടപടികൾ ഏതുവരെയായെന്ന് വിശദമാക്കാമോ; | (എ) | **കണ്ണൂർ റൂറൽ ജില്ലയിലെ പെരിങ്ങോം പോലീസ് സ്റ്റേഷനിൽ പുതിയ ക്വാർട്ടേഴ്സ് കെട്ടിടം നിർമ്മിക്കുന്നതിനായി Special Assistance to States for Capital Investment (SASCI) 2023-2024 എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാന പോലീസ് മേധാവി ശിപാർശ സമർപ്പിച്ചിരുന്നു. എന്നാൽ ടി പദ്ധതി നഗര പ്രദേശങ്ങളിലെ പോലീസ് സ്റ്റേഷൻ പരിധിയിൽ ക്വാർട്ടേഴ്സ് നിർമ്മിക്കുന്നതിന് വേണ്ടിയുള്ളതാണ്. പെരിങ്ങോം പോലീസ് സ്റ്റേഷൻ കണ്ണൂർ റൂറൽ ജില്ലയിൽ ആയതിനാൽ പ്രസ്തുത സ്റ്റേഷൻ പരിധിയിലെ ക്വാർട്ടേഴ്സ് നിർമ്മാണം പദ്ധതിയിൽ നിന്നും ഒഴിവാക്കിയിട്ടുള്ളതാണ്.** |
| (ബി) | പെരിങ്ങോം പോലീസ് സ്റ്റേഷൻ വളപ്പിന് ചുറ്റുമതിൽ ഇല്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ചുറ്റുമതിൽ നിർമ്മിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (ബി) | ഉണ്ട്. പെരിങ്ങോം പോലീസ് സ്റ്റേഷന്റെ ചുറ്റുമതിൽ പുതുക്കി നിർമ്മിക്കുന്നതിനായി ലൊക്കേഷൻ സ്കെച്ച് സഹിതം കണ്ണൂർ റൂറൽ ജില്ലാ പോലീസ് മേധാവി, പൊതുമരാമത്ത് വകുപ്പിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ